**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസനവകുപ്പ്- മലപ്പുറം ജില്ലാ- പെരുമണ്ണാക്ലാരി ഗ്രാമ പഞ്ചായത്ത്- 10/2000 മുതൽ 2007-08 വരെയുള്ള സി& എജി ഓഡിറ്റ് പാർട്ട് II B(ii) ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നിയമാനുസൃതമല്ലാതെ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതു മൂലം 4.96 ലക്ഷം രൂപയുടെ അധികചെലവുണ്ടായ നടപടിക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്**

**സ.ഉ (സാധാ) നം. 1510/17/തസ്വഭവ. തിരുവനന്തപുരം, തീയതി.10.05.2017**

---

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന 30.05.2016 .തീയതിയിലെ എം 3- 13763/16 എന്ന കത്ത്.

2. പെരുമണ്ണാക്ലാരി ഗ്രാമ പഞ്ചായത്ത് 18.09.2008- ാം തീയതി നടന്ന സാധാരണ മീറ്റിംഗിലെ 5(3) -ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പെരുമണ്ണാക്ലാരി ഗ്രാമപഞ്ചായത്തിന്റെ 10/2000 മുതൽ 2007-08 വരെ കാലയളവിലേക്കുള്ള സി&എജി ലോക്കൽ ഓഡിറ്റ് റിപ്പോർട്ട് പാർട്ട് II B (ii) പ്രകാരം നിയമാനുസൃതമല്ലാതെ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതു മൂലം 4.96 ലക്ഷം രൂപയുടെ അധികചെലവുണ്ടായതായി പരാമർശിച്ചിട്ടുണ്ട്. ടി ഗ്രാമപഞ്ചായത്തിൽ 2005-06 വർഷം (പദ്ധതി നം എസ് 068/06 പ്രകാരം) മൂന്ന് അങ്കണവാടികൾക്ക് ഓലമേഞ്ഞ മേൽക്കൂര മാറ്റുക, അറ്റകുറ്റപണികൾ നടത്തുക എന്ന ലക്ഷ്യത്തോടെ അഞ്ചു ലക്ഷം രൂപ അടങ്കൽ ഉള്ള പദ്ധതിയാണ് പഞ്ചായത്ത് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നതിൽ നിന്ന് വ്യത്യസ്തമായി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് പകരമായി പുതിയ കെട്ടിടങ്ങൾ ആണ് നിർമ്മിക്കുകയാണുണ്ടായത്. സർക്കാർ ഉത്തരവു പ്രകാരം ആസ്തികളുടെ സംരക്ഷണത്തിനും അറ്റകുറ്റപണികൾക്കും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പുതിയ കെട്ടിട നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതിനാലാണ് ഓഡിറ്റ് പരാമർശ മുണ്ടായിട്ടുള്ളത്. ഇപ്രകാരം മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ആസ്തി ആർജിച്ചതു വഴി ഉണ്ടായ അധിക ചെലവിന് സർക്കാർ സാധൂകരണം നൽകണമെന്ന് പെരുമണ്ണാക്ലാരി ഗ്രാമ പഞ്ചായത്തിന്റെ പരാമർശം 2-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

2. ഓലമേഞ്ഞതും ജീർണ്ണാവസ്ഥയിലുള്ളതുമായ അങ്കണവാടി കെട്ടിടങ്ങൾ റിപ്പയറിംഗ്

നടത്തുന്നത് കൊണ്ടു മാത്രം പ്രയോജനപ്രദമാകില്ലെന്ന് കണ്ടതിനാലാണ് കെട്ടിടം പുതുക്കി പണിയാൻ ഇടയായത് എന്നും കെട്ടിടം നല്ല രീതിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ പിന്നീട് നാളിതുവരെ മെയിന്റനൻസ് വർക്ക് നടത്തേണ്ടി വന്നിട്ടില്ലായെന്നുള്ളതിനാലും സംഭവിച്ചുപോയ അപാകത നഷ്ടമായി കണക്കാക്കരുതെന്നും, പ്രസ്തുത ചെലവിന് സാധൂകരണം നല്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 – ലെ കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സദുദ്ദേശപരമായ പ്രവൃത്തിയായതിനാലും, പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാലും ഗ്രാമ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ എത്തുന്ന ഗുണഭോക്താക്കൾക്ക് ഈ പദ്ധതി വഴി വളരെയേറെ പ്രയോജനം ലഭിക്കുന്നുണ്ടെന്നുള്ളതിനാലും മറ്റ് ക്രമക്കേടുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാലും, പരാമർശം 1-ലെ അപേക്ഷ , പരാമർശം 2-ലെ യോഗ തീരുമാനം, മലപ്പുറം ജില്ലാ ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റിയുടെ ശുപാർശ എന്നിവ പരിഗണിച്ചും മേലിൽ ഇത്തരം വീഴ്ച ഉണ്ടാകരുതെന്ന കർശന നിർദ്ദേശത്തോടെ മലപ്പുറം ജില്ലയിലെ പെരുമണ്ണാക്ലാരി ഗ്രാമപഞ്ചായത്തിന്റെ 10/2000 മുതൽ 2007-08 വരെയുള്ള സി&എജി ഓഡിറ്റ് പാർട്ട് II B (ii) പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട നിയമാനുസൃതമല്ലാതെ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതു മൂലം 4.9 ലക്ഷം രൂപയുടെ അധിക ചെലവുണ്ടായ നടപടിക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ഷിബു.എ.റ്റി**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി,പെരുമണ്ണാക്ലാരി ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, സ്വരാജ്ഭവൻ, നന്തൻകോട്, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.